# ‘കരുതുന്ന ദൈവം’

യോന 1:17

“യോനായെ വിഴുങ്ങേണ്ടതിന് യഹോവ ഒരു മഹാമത്സ്യത്തെ കല്പിച്ചാക്കിയിരുന്നു. അങ്ങനെ യോന മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ കിടന്നു.”

യോനായുടെ ജീവിതാനുഭവം നാം വായിക്കുമ്പോൾ ദൈവത്തെ അനുസരിക്കാതെ ദൈവസന്നിധി വിട്ടുമാറിയ ഒരു വ്യക്തിജീവിതമാണെന്ന് മനസ്സിലാകുന്നു. യഹോവ തന്നോട് നിനവയിലേക്ക് പോകുവാൻ കല്പിക്കുമ്പോൾ അതനുസരിക്കാതെ തർശീശിലേക്കുള്ള കപ്പൽ കയറി യാത്ര തിരിക്കുകയാണ്.

ആ യാത്രക്കിടയിൽ യഹോവ ഒരു പെരുങ്കാറ്റടിപ്പിക്കുകയും തന്നിമിത്തം ഭയാനകമായ സാഹചര്യങ്ങളിലൂടെ അവർ കടന്നു പോകേണ്ടി വരുന്നു. തന്റെ അനുസരണക്കേടു മുഖാന്തരമാണ് ഇതു സംഭവിച്ചതെന്ന് യോന കൂടെയുള്ള എല്ലാ യാത്രക്കാരോടും വിവരിക്കുന്നതായി നമുക്കു കാണാം. യോനായുടെ ആവശ്യപ്രകാരം കപ്പൽ പ്രമാണിയും കൂടെയുള്ള യാത്രക്കാരും അവരുടെ ജീവരക്ഷയ്ക്കുവേണ്ടി യോനയെ സമുദ്രത്തിലേക്ക് വലിച്ചിടുകയും സമുദ്രം ശാന്തമാകുകയും ചെയ്യുന്നു. ഈ ശാന്തത കണ്ട യാത്രക്കാർ, യഹോവയുടെ മഹത്വം കാണുവാൻ തക്കവണ്ണം ഇടയായി.

സമുദ്രത്തിലേക്ക് എറിയപ്പെട്ട യോന തീർച്ചയായും തന്റെ ജീവിതം ഇവിടെ തീരുകയാണ് എന്ന് ഹൃദയത്തിൽ ഉറപ്പിച്ചിട്ടുണ്ടാകാം. ഇനി ഇതിൽ നിന്നും ഒരു മടങ്ങിപ്പോക്ക് തനിക്കില്ല എന്ന് വിചാരിച്ചു കാണും. യോനായുടെ ചിന്താഗതികളെയെല്ലാം തകിടം മറിച്ചു കൊണ്ട് ദൈവം ഇവിടെ യോനായെ വിഴുങ്ങുവാൻ ഒരു മത്യസ്യത്തെ കല്പിച്ചാക്കിയിരുന്നുവെന്ന് കാണാം. ദൈവത്തിന്റെ ആഴമാർന്ന സ്നേഹവും കരുതലുമാണ് നമുക്കിവിടെ കാണുവാൻ കഴിയുന്നത്. നമ്മുടെയും ജീവിതത്തിൽ സംഭവിക്കുവാൻ പോകുന്ന എല്ലാ സാഹചര്യങ്ങളെക്കുറിച്ചും ദൈവത്തിന് പൂർണ്ണബോധ്യവും അറിവുമുണ്ട്.

ഒരു പക്ഷേ ജീവിതത്തിൽ വഴിമുട്ടി പ്രതീക്ഷകളെല്ലാം അസ്തമിച്ചു നില്ക്കുന്ന വ്യക്തിയാണോ, ഇനി ജീവിച്ചിട്ട് ഒരു കാര്യവുമില്ല എന്നോർത്ത് മനഃപ്രയാസത്താൽ വലയുകയാണോ. ഏതവസ്ഥയിലും നമ്മുടെ ദൈവം കരുതുന്ന ദൈവമെന്ന് ഉറച്ചു വിശ്വസിക്കാം. തക്കസമയത്ത് പുതുവഴികൾ തുറന്ന് നമ്മെ വിടുവിക്കുവാൻ അവിടുന്ന് ശക്തനാണ്. ചെങ്കടലിന്റെ മുന്നിലെത്തിയ യിസ്രായേൽ മക്കൾ വഴി കാണാതെ വലയുന്നതായി നമുക്കറിയാമല്ലോ. പുറകിൽ ഫറവോനും സൈന്യവും; ഇനി എന്തുചെയ്യണമെന്നറിയാതെ

അവർ മോശയോട് നിലവിളിക്കുന്നു. മോശ യഹോവയോട് നിലവിളിക്കുന്നു. അവിടെ ദൈവം അവർക്കുവേണ്ടി ചെങ്കടലിനെ രണ്ടായി വിഭാഗിച്ച് വഴി ഒരുക്കി കൊടുക്കുന്നതായി കാണാം. നമ്മുടെ ദൈവം അത്ഭുതങ്ങളുടെ ദൈവമാണ്. അവൻ നമുക്ക് ചെയ്യുവാൻ അസാദ്ധ്യമായതിനെ സാധ്യമാക്കിത്തരുന്നു.

നമ്മുടെ എല്ലാ ചിന്തകൾക്കും കണക്കുകൂട്ടലുകൾക്കും അപ്പുറമാണ് ദൈവത്തിന്റെ കരുതൽ. 'അവൻ നമുക്കായി കരുതുന്നതാകയാൽ സകല ചിന്താകുലങ്ങളും അവന്റെ മേൽ ഇട്ടുകൊൾവിൻ' ഈ വചനം നമ്മെ ധൈര്യപ്പെടുത്തട്ടെ. യോനായുടെ ജീവിതത്തിൽ മത്സ്യത്തോടു കല്പിച്ച ദൈവം നമുക്കു വേണ്ടിയും പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ പലരോടും കല്പിക്കുന്നവനാണ്. ദൈവസന്നിധി വിട്ടുപോയ യോനായെപ്പോലെ നാമും പലവിധത്തിലാകാം ദൈവത്തിൽ നിന്നും അകന്നു പോകുന്നത്. പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്താതെ വരുമ്പോൾ, വചനം വായിക്കുവാനും പഠിക്കുവാനും കഴിയാതെ വരുമ്പോൾ, ദൈവമക്കളുമായുള്ള കൂട്ടായ്മ നഷ്ടമാക്കിക്കളയുമ്പോൾ, മറ്റുള്ളവരുടെ ഭാരങ്ങളും പ്രയാസങ്ങളും ഏറ്റെടുത്ത് പ്രാർത്ഥിക്കുവാൻ കഴിയാതെ വരുമ്പോൾ ഒക്കെയും നാം ദൈവത്തോട് അനുസരണക്കേട് കാണിക്കുകയാണ്. തന്നിമിത്തം പലവിധ ശോധനകൾ പിശാച് നമ്മുടെ ജീവിതത്തിൽ കൊണ്ടുവരുന്നു.

ഇവിടെ മത്സ്യത്തിന്റെ വയറ്റിലകപ്പെട്ട യോന മൂന്നു രാവും മൂന്നു പകലും യഹോവയോട് നിലവിളിക്കുന്നു. ഇങ്ങനെയൊരു സാഹചര്യത്തിൽ ദൈവത്തോട് നിലവിളിക്കണമെങ്കിൽ തന്റെ ദൈവം ആരാണെന്നുള്ള ഉത്തമ ബോധ്യം യോനയ്ക്കുണ്ടായിരുന്നിരിക്കണം. തനിക്കുവേണ്ടി മത്സ്യത്തെ കരുതിയ ദൈവം തന്നെ മത്സ്യത്തിന്റെ വയറ്റിൽ നിന്ന് പുറത്തുകൊണ്ടുവരുവാനും കഴിവുള്ളവനാണെന്ന് യോനക്കറിയാമായിരുന്നു. വീണ്ടും ദൈവം കല്പിച്ചപ്പോൾ മത്സ്യം യോനയെ ഛർദ്ദിച്ചു കളഞ്ഞതായി നമുക്കു കാണാം. ഇവിടെയും വിശ്വസ്തനായ ദൈവത്തിന്റെ കരുതലും സ്നേഹവും നമുക്കു മനസ്സിലാക്കാം.

നമ്മുടെ ജീവിതത്തിൽ എല്ലാ പ്രതീക്ഷയും അനുകൂല സാഹചര്യങ്ങളും നഷ്ടമാകുമ്പോൾ ജീവിതം തന്നെ ഒരു വലിയ ചോദ്യചിഹ്നമായി നില്ക്കുമ്പോൾ പൂർണ്ണഹൃദയത്തോടെ, ഉറപ്പോടെ വിശ്വസ്തനായ ദൈവത്തെ വിളിച്ചപേക്ഷിക്കാം. പ്രാർത്ഥനയോടെ, സ്തോത്രത്തോടെ ദൈവസന്നിധിയിലേക്ക് കൂടുതൽ കൂടുതൽ അടുത്തുവരാം. അപ്പോൾ നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങളും കഷ്ടപ്പാടുകളുമെല്ലാം പിന്നത്തേതിൽ ദൈവനാമം മഹത്വപ്പെടുവാൻ തക്കവണ്ണം ഇടയായിത്തീരും. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ

യോനയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന ചില കാര്യങ്ങൾ:

(1) ദൈവസന്നിധി വിട്ടുമാറരുത്. (പ്രാർത്ഥന)

(2) ദൈവത്തെ പൂർണ്ണമായി അനുസരിക്കുക.

(3) വിളിച്ചപേക്ഷിക്കുമ്പോൾ ഉത്തരമരുളുന്ന ദൈവം.

(4) ദൈവം നമുക്കായി കരുതുന്നു.

പരാമർശം :

1പത്രോസ് 5:7

അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ.

അശ്വതി ബിനു ഏറ്റുമാനൂർ 008